# ദൈവം എന്റെ സഹായകൻ

## സങ്കീർത്തനം 54:4

“ഇതാ ദൈവം എന്റെ സഹയകനാകുന്നു.”

രാജാവായി അഭിഷേകം ചെയ്യപ്പെട്ടിട്ടും പതിനഞ്ച് വർഷത്തോളം തന്റെ ശത്രുവിനെ ഭയന്ന് ഓടേണ്ടി വന്ന ദാവീദ് തന്റെ പ്രതിസന്ധിമദ്ധ്യേ പറഞ്ഞ വാക്കുകളാണ് നാം ഇവിടെ കാണുന്നത്. ദാവീദ് തകർച്ചകളിലൂടെ കടന്നു പോയപ്പോൾ എഴുതിയ സ്തുതി സ്തോത്ര ഗാനങ്ങളാണ് ഇന്ന് നമ്മെ ബലപ്പെടുത്തുന്ന ഓരോ സങ്കീർത്തനങ്ങളും. തന്റെ കഷ്ടതയുടെ നടുവിൽ ഒരിക്കൽ പോലും ദാവീദ് ദൈവത്തെ തള്ളിപ്പറയുകയോ, അവിശ്വസിക്കുകയോ, പരാതിപ്പെടുകയോ ചെയ്യാതെ, എപ്പോഴും കർത്താവിനെ വാഴ്ത്തുകയും, സ്തുതിക്കുകയും ചെയ്യുന്നതായി നാം കാണുന്നു. അതിനുള്ള കാരണം ദാവീദിന് ദൈവത്തിലുണ്ടായിരുന്ന പൂർണ്ണമായ വിശ്വാസവും, ആശ്രയത്വവുമായിരുന്നു.

ഇത് തന്നെയാണ് ഓരോ ദൈവപൈതലിനും ഉണ്ടാവേണ്ട മനോഭാവം എന്ന് ദാവീദ് തന്റെ സങ്കീർത്തനങ്ങളിലൂടെ നമ്മെയും ഓർമ്മിപ്പിക്കുന്നു. ദൈവം തന്റെ കൂടെയുണ്ട് എന്നുള്ള ഉറച്ച ബോദ്ധ്യം ദാവീദിനുണ്ടായിരുന്നതു പോലെ നമുക്കും ഉണ്ടാവണം. ആ ബോദ്ധ്യമാണ് ദാവീദിനെ ധൈര്യത്തോടെ മുന്നോട്ടു നയിച്ചത്. അതിനാൽ ദൈവമറിയാതെ ഒന്നും സംഭവിക്കുന്നില്ല എന്നും, അവിടുന്നാണ് സകലത്തിന്റെയും നിയന്ത്രിതാവ് എന്നും ഉറയ്ക്കാൻ കഴിഞ്ഞാൽ ഏതു പ്രതിസന്ധിയിലും നമുക്ക് ധൈര്യമായി മുന്നോട്ട് പോകാൻ കഴിയും. വചനം പറയുന്നു, ‘ദൈവം നമുക്ക് അനുകൂലം എങ്കിൽ ആരാണ് നമുക്ക് എതിരായി നിൽക്കുക.’ അതിനാൽ ദൈവത്തെ സ്നേഹിച്ച് അവന്റെ കൽപനകളെ പ്രമാണിച്ച് നീതിമാനായി ജീവിക്കുന്നു എങ്കിൽ, നമ്മുടെ എല്ലാ വഴികളിലും അവൻ നമുക്ക് എന്നും സഹായകനാണ്. മാത്രമല്ല; അഥവാ പാപം ചെയ്തു പോയാൽ, അനുതാപത്തോടെ മടങ്ങി വരുന്നു എങ്കിൽ, അവൻ നമ്മുടെ പാപപരിഹാരകനുമാണ്. അതുകൊണ്ട് ഒരു വ്യക്തിയുടെ ജീവിതത്തിന്റെ സമസ്തമേഘലകളിലും ഇടപെടാൻ കഴിവുള്ളവൻ ദൈവം ഒരുവൻ മാത്രമാണ്.

മാനുഷികമായ സഹായങ്ങൾക്ക് പരിധികളും പരിമിതികളും ഉള്ളപ്പോൾ ദൈവപരിപാലനത്തിന്റെ വഴികൾ അവർണ്ണനീയമാണ്; നമ്മുടെ ബുദ്ധിക്കും, പ്രതീക്ഷകൾക്കും അപ്പുറമാണ്. എല്ലാ വഴികളും അടയുമ്പോൾ, മറ്റാരിലും രക്ഷയില്ലാതെ വരുമ്പോൾ ഉള്ള അവസാന വഴിയല്ല ദൈവകരങ്ങൾ. മറിച്ച് വചനത്തിൽ പറയുന്നതു പോലെ ‘മുമ്പെ അവന്റെ രാജ്യവും നീതിയുമാണ്’ നാം അന്വേഷിക്കേണ്ടത്. ജീവിതത്തിന്റെ

സമസ്തമേഘലകളിലും ദൈവത്തിന് പ്രഥമ സ്ഥാനം കൊടുത്തുകൊണ്ട് നാം ജീവിക്കണം. അതിനാൽ ജീവിതത്തിന്റെ വൈഷമ്യമേടുകളിൽ സഹായത്തിനായി അലഞ്ഞ് സമയം പാഴാക്കാതെ, നമ്മുടെ തമ്പുരാന്റെ മുമ്പിലേക്ക് അണയാം. അവിടുന്ന് നമ്മെ ലജ്ജിപ്പിക്കുന്ന ദൈവമല്ല. തന്നിലേക്ക് വരുന്നവരെ ഒരുനാളും നിരാശപ്പെടുത്തുകയുമില്ല. തക്കസമയത്ത് അവൻ നമുക്കായി പ്രവർത്തിക്കുന്നവൻ ആകയാൽ ധൈര്യത്തോടെ, വിശ്വാസത്തോടെ നാം അവന്റെ കൃപാസനത്തിങ്കലേക്ക് അടുത്തുവരുന്നു എങ്കിൽ, അവൻ നമ്മെ സ്വീകരിക്കും, സഹായിക്കും, ശക്തീകരിക്കും, ജയത്തോടെ മുന്നോട്ട് നയിക്കും. അതിനാൽ ഏതു ജീവിത സാഹചര്യത്തിലും ദൈവത്തോട് ചേർന്ന് അവനിൽ മാത്രം ആശ്രയം വെച്ച് ജീവിക്കാം. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമറാകട്ടെ.

**പരാമർശം:**

**യെശയ്യാവ് 41:10**

നീ ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്, ഭ്രമിച്ചു നോക്കേണ്ട, ഞാൻ നിന്റെ ദൈവമാകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും ഞാൻ നിന്നെ സഹായിക്കും. എന്റെ നീതിയുള്ള വലങ്കൈ കൊണ്ട് ഞാൻ നിന്നെ താങ്ങും.

## സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 091